# ശോഭാ ഡെവലപ്പേഴ്സിന് മികച്ച ബിസിനസ് ഡെവലപ്മെന്റ് അവാർഡ്

കൊച്ചി: ബിസിനസ് ഇന്ത്യ എക്സിബിഷൻസ് നൽകുന്ന സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ ബെസ്റ്റ് ബിസിനസ് ഡെവലപ്മെന്റ് അവാർഡിന് രാജ്യത്തെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് കമ്പനികളിലൊന്നായ ശോഭാ ഡെവലപ്പേഴ്സ് അർഹമായി. സ്വതന്ത്ര ഇന്ത്യയിൽ നാളിതുവരെ നിർമിക്കപ്പെട്ട ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ് കമ്പനിക്ക് ഈ അവാർഡ് നേടിക്കൊടുത്തത്. ബാംഗ്ലൂരിൽ ഇൻഫോസിസ് ഗ്ലോബൽ എഡ്യുക്കേഷനു വേണ്ടി ശോഭാ ഡെവലപ്പേഴ്സ് നിർമിച്ച രണ്ടാം ഘട്ട കെട്ടിടമാണ് 10 ലക്ഷം ചതുരശ്ര അടിക്കു മേൽ വിസ്തൃതിയുള്ള ഈ വാസ്തുശിൽപ്പ വിസ്മയം. ഈ അവാർഡ് ലഭിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട് - വിശേഷിച്ചും ബാംഗ്ലൂർ ആസ്ഥാനമായുള്ള ഒരു റിയൽ എസ്റ്റേറ്റ് കമ്പനിക്ക് ലഭിച്ച ആദ്യ അവാർഡ് എന്ന നിലയിൽ.

ആഗോള ഗുണനിലവാരത്തിലും മികച്ച നിർമാണ മികവിലുമുള്ള ഞങ്ങളുടെ പ്രതിബദ്ധത ഈ അംഗീകാരം ആവർത്തിച്ചുറപ്പിക്കുന്നു, അവാർഡ് ഏറ്റുവാങ്ങിയ ശേഷം കമ്പനിയുടെ ഡിസൈൻ & എൻജിനീയറിംഗ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദേവദാസ് മുന്ദ്ര പറഞ്ഞു.ഇൻസൈഡ് ഔട്ട്സൈഡ് മാഗസിനുമായിച്ചേർന്ന് ബിസിനസ് ഇന്ത്യ എക്സിബിഷൻസ് ഇതാദ്യമായാണ് സെലിബ്രേഷൻ ഓഫ് ആർക്കിടെക്ചർ അവാർഡുകൾ ഏർപ്പെടുത്തിയത്. ദേശീയ, പ്രാദേശിക തലങ്ങളിൽ മൂന്ന് വിഭാഗങ്ങളിലായാണ് ഈ അവാർഡുകൾ നൽകിയത്. സെപ്തംബർ 29-ന് ബാംഗ്ലൂർ പാലസ് ഗ്രൗണ്ട്സിൽ നടന്ന ചടങ്ങിൽ വെച്ച് ഇൻസൈഡ് ഔട്ട്സൈഡിന്റെ ശ്രീമതി ശ്വേത കപൂറാണ് അവാർഡുകൾ സമ്മാനിച്ചത്.

സ്വതന്ത്ര ഇന്ത്യയിൽ നാളിതുവരെ നിർമിക്കപ്പെട്ട ഏറ്റവും വലിയ ഒറ്റക്കെട്ടിടമാണ് ഇൻഫോസിസ് ഗ്ലോബൽ എഡ്യുക്കേഷൻ രണ്ട്. പ്രശസ്ത വാസ്തുശിൽപ്പി ഹഫീസ് കോൺട്രാക്ടർ രൂപകൽപ്പന ചെയ്ത് ശോഭാ ഡെവലപ്പേഴ്സ് നിർമിച്ച ഈ കെട്ടിടത്തിന് 10 ലക്ഷം ചതുരശ്ര അടിക്കു മേൽ വിസ്തൃതിയുണ്ട്. രാഷ്ട്രപതി ഭവനേക്കാൾ വിസ്തൃതിയും തുല്യമായ ഗാംഭീര്യവുമുള്ള ഈ കെട്ടിടത്തോട് കിടപിടിക്കുന്ന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ലോകത്തെങ്ങും തന്നെ ഇല്ലെന്നു പറയാം. ശോഭയുടെ ഗുണനിലവാരത്തിനും പ്രവർത്തന മികവിനും ലഭിച്ച അംഗീകരമാണിതെന്ന് മാനേജിംഗ് ഡയറക്ടർ ജെ. സി. ശർമ പറഞ്ഞു. ഭാവിയിലും ഈ മികവ് തങ്ങൾ കാത്തുസൂക്ഷിക്കുമെന്നും ജെ. സി. ശർമ പറഞ്ഞു.